<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനൊന്നാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3929 | 21.6.2018 -ൽ മറുപടിയ്ക്ക്

## കെ.ടി.ഡി.സി.യുടെ പദ്ധതികൾ

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.കെ. ബാബു<br>ശ്രീ.കെ.ജെ. മാക്സി : | | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി) |
|---|---|---|---|
| എ) | സംസ്ഥാനത്തെ വിനോദസഞ്ചാരമേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി കെ.ടി.ഡി.സി. ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; | എ) | സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കെ.ടി.ഡി.സി. താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നു<br>1. കെ ടി ഡി സി മുഴപ്പലങ്ങാട് ബീച്ച്, കോഴിക്കോട് ബീച്ച് തുടങ്ങിയ സ്ഥലങ്ങളിൽ പുതിയ ഹോട്ടലുകൾ തുടങ്ങാനുദ്ദേശിക്കുന്നു. ഇത് മലബാർ മേഖലയിൽ ടൂറിസം വികസനത്തിന് ഉപകരിക്കും.<br>2. കേരളത്തിലുള്ള പല സെഗ്മെന്റുകളിലുമുള്ള സ്വദേശികളും, വിദേശികളുമായ യാത്രക്കാരെ അവരുടെ ഇഷ്ടാനുസരണം ടൂർ പാക്കേജുകൾ തെരഞ്ഞെടുക്കാനുള്ള സൗകര്യം കെ.ടി.ഡി.സി. ഒരുക്കുന്നുണ്ട്.<br>3. കെ.ടി.ഡി.സിയുടെ നിലവിലുള്ള പ്രീമിയറും ബഡ്ജറ്റുമായ ഹോട്ടലുകൾ കേരളത്തിലെ വികസിച്ചതും വികസിച്ചു കൊണ്ടിരിക്കുന്നതുമായ എല്ലാ ഡെസ്റ്റിനേഷനുകളിലുമുള്ള ടൂറിസം മാർക്കറ്റിങ്ങിന് ഉത്തേജനം നൽകുന്നുണ്ട്.<br>4. കെ.ടി.ഡി.സി.യുടെ ഹോട്ടലുകളും റെസ്റ്റാറന്റുകളും സഞ്ചാരികൾക്ക് വൃത്തിയുള്ള ടോയ്ലറ്റും, രുചിയോടെ ഭക്ഷണവും നൽകുന്നതിനാൽ വിനോദസഞ്ചാരമേഖലയുടെ വളർച്ചയ്ക്ക് സഹായകരമാകുന്നു. |
| ബി) | കെ.ടി.ഡി.സി. 2018-19 വർഷത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വികസനപദ്ധതികൾ ഏതൊക്കെയാണെന്ന് | ബി) | കെ.ടി.ഡി.സി. 2018-19 വർഷത്തിൽ താഴെപ്പറയുന്ന വികസനപദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.<br>1. പൊന്മുടിയിലെ ഗോൾഡൻ പീക്ക് റിസോർട്ടിൽ 3.10 കോടി രൂപ ചെലവിൽ പുതുതായി |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ; | | നിർമ്മിക്കുന്ന 15 കോട്ടേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. റോഡ്, ലാൻഡ്സ്കേയ്പ്പ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തിയായി വരികയാണ്.<br>2. തിരുവനന്തപുരത്ത് തമ്പാനൂരിലുള്ള ചൈത്രം ഹോട്ടലിൽ 4.2 കോടി രൂപ ചെലവിൽ മുറികളിൽ നടക്കുന്ന നവീകരണ പ്രവർത്തനങ്ങൾ ഉടൻ പൂർത്തീകരിക്കും. 3.10 കോടി രൂപ ചെലവിൽ ലോബി, റെസ്റ്റാറന്റ്, കോൺഫറൻസ് ഹാൾ എന്നിവയുടെ നവീകരണം ഉടൻ പൂർത്തിയാകും.<br>3. തിരുവനന്തപുരത്തെ മാസ്കറ്റ് ഹോട്ടലിന്റെ നവീകരണത്തിനായി പദ്ധതി തയ്യാറാക്കി കൺവെൻഷൻ സെന്റർ അടക്കമുള്ളവയുടെ നവീകരണത്തിനായി 1.5 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.<br>4. 2.5 കോടി ചെലവിൽ കോവളത്തെ സമുദ്ര ഹോട്ടലിൽ മുറികൾ, നീന്തൽക്കുളം എന്നിവയുടെ നവീകരണത്തിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.<br>5. കുമരകത്തെ റിസോർട്ടായ "വാട്ടർസ്കേയ്പ്പ്" -ൽ 12.69 കോടിരൂപ ചെലവിൽ കോട്ടേജുകൾ, റിസപ്ഷൻ, ലോബി, നീന്തൽക്കുളം എന്നിവ ഉൾപ്പെടെയുള്ളവയുടെ വിപുലമായ നവീകരണ പ്രവർത്തനങ്ങൾ നടന്നു വരികയാണ്.<br>6. മൂന്നാറിൽ നിലവിലുള്ള ടീ കൗണ്ടി റിസോർട്ട് വളപ്പിൽ 36 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന 100 മുറികളുള്ള ഒരു ബഡ്ജറ്റ് ഹോട്ടൽ നിർമ്മിക്കുന്ന കാര്യം പരിഗണനയിലാണ്.<br>7. കോഴിക്കോട് 55 കോടിരൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു ഹോട്ടൽ കോംപ്ലക്സും കൺവെൻഷൻ സെന്ററും നിർമ്മിക്കുവാൻ പദ്ധതി തയ്യാറാക്കി കഴിഞ്ഞു. അതിന്റെ രൂപകൽപ്പന നടന്നു വരുന്നു. ആവശ്യമായ ഭൂമി ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റിനായി അപേക്ഷിക്കുന്നതാണ്.<br>8. കണ്ണൂരിലെ മുഴപ്പിലങ്ങാട് ഡ്രൈവിൻ ബീച്ചിൽ കെ.ടി.ഡി.സി റിസോർട്ട് പണിയുവാൻ സ്ഥലമെടുത്തു കഴിഞ്ഞു. 40 കോടി രൂപയുടെ പദ്ധതി ചിങ്ങത്തിൽ നിർമ്മാണോദ്ഘാടനം നടത്തും.<br>9. കാസർകോട്ടെ കെ.ടി.ഡി.സി. ഹോട്ടലായ ബേക്കൽ ബീച്ച് ക്യാമ്പിൽ 10 കോട്ടേജുകളുടെയും സ്വിമ്മിങ്ങ് പൂളിന്റെയും നിർമ്മാണ പദ്ധതി തയ്യാറാക്കി. 3 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. |

| | | | |
|---|---|---|---|
| സി) | കെ.ടി.ഡി.സി.യുടെ കീഴിലുള്ള ഹോട്ടലുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | സി) | പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കെ.ടി.ഡി.സി.യുടെ മിക്കവാറും എല്ലാ ഹോട്ടലുകളുടെയും നവീകരണ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. സ്ഥാപനത്തിലെ ജീവനക്കാരുടെ യൂണിഫോം കാലോചിതമായി പരിഷ്കരിക്കുന്നതിനുവേണ്ടി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻസുമായി ചേർന്ന് പ്രവർത്തിക്കുന്ന കേരളാ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനെ (കെ.എസ്.ഐ.ഡി) ഏർപ്പെടുത്തി. ഇത് ഈ വർഷം തന്നെ നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നു. |
| ഡി) | ജി.എസ്.ടി. നടപ്പിലാക്കിയത് കെ.ടി.ഡി.സി.യുടെ റെസ്റ്റോറന്റ് ബിസിനസ്സിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഡി) | സംസ്ഥാന വാറ്റ് നികുതി ഘടനയനുസരിച്ച് 5%-14.5% ഇടയിൽ നികുതി ഏർപ്പെടുത്തിയിരുന്ന റെസ്റ്റാറന്റ് വിഭവങ്ങൾക്ക് ജി.എസ്.ടി.യുടെ വരവോട് കൂടി 12% മുതൽ 28% വരെ നികുതി ഒടുക്കേണ്ട അവസ്ഥ ഉണ്ടായി. ഇത് 2017-18 ന്റെ രണ്ടാം പകുതിയിലെ വിൽപ്പനയേയും ലാഭത്തേയും ബാധിക്കുകയുണ്ടായി. എന്നാൽ 15.11.2017 മുതൽ റെസ്റ്റാറന്റ് സർവ്വീസിന്റെ ജി.എസ്.ടി. നികുതി ഘടനയിൽ വരുത്തിയ മാറ്റം കാരണം (7500 രൂപയ്ക്ക് താഴെ റൂം വാടകയുള്ള മുറികളുള്ള ഹോട്ടലുകൾക്ക് 5% വും മറ്റുള്ള വയ്ക്ക് 18% വും) വില പൂർവ്വസ്ഥിതിയിൽ ആകുകയുണ്ടായി. |

**സെക്ഷൻ ഓഫീസർ**